**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ കുടുംബശ്രീ തയ്യാറാക്കുന്ന ഊരുതല പദ്ധതികൾ ഊരുകൂട്ടങ്ങളുടെ അംഗീകാരത്തിന് വിധേയമായി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.64/2020/തസ്വഭവ** **തിരുവനന്തപുരം, തീയതി, 06/01/2020**

---

പരാമർശം:-1. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.12.2019- ലെ 4189/എം/2010/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019 -ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നം. 4.66.

**<u>ഉത്തരവ്</u>**

കുടുംബശ്രീ ശൃംഖലയിൽ സംസ്ഥാനത്തൊട്ടാകെ 7000 ലേറെ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളിലായി ഒരു ലക്ഷത്തിലേറെ അംഗങ്ങൾ ഉള്ളതായും ഊരുതലത്തിൽ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള ഒരു ജനകീയ പരിപാടി ഡിസംബർ ജനുവരി മാസങ്ങളിൽ കുടുംബശ്രീ നടത്തുന്നുണ്ടെന്നും അതിനാൽ അത്തരത്തിൽ കുടുംബശ്രീ ഊരുസമിതികളും, എഡിഎസുകളും തയ്യാറാക്കുന്ന ഊരുതല പദ്ധതികൾ അതത് ഊരുകൂട്ടങ്ങളുടെ അംഗീകാരത്തിനു വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി നൽകണമെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി മുൻപാകെ പരാമർശം (1) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

(2) വാർഷിക പദ്ധതിയിൽ പട്ടിക വർഗ്ഗ പദ്ധതികൾ ഊരുകൂട്ടങ്ങളിലെ ചർച്ചകളുടേയും തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നതെന്ന് 06.12.2019-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം നിരീക്ഷിച്ചു ഇതിനു സഹായകരമായി കുടുംബശ്രീ തയ്യാറാക്കുന്ന പദ്ധതികൾ ഊരുകൂട്ടങ്ങളുടെ അംഗീകാരത്തിന് വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം (2) പ്രകാരം കോ-ഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കുടുംബശ്രീ തയ്യാറാക്കുന്ന ഊരുതല പദ്ധതികൾ ഊരുകൂട്ടങ്ങളുടെ അംഗീകാരത്തിന് വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**മിനിമോൾ ഡി.**
**ജോയിന്റ് സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് ( പഞ്ചായത്ത് ഡയറക്ടർ മുഖേന)
ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് (ഗ്രാമവികസന കമ്മീഷണർ മുഖേന)
ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്ക് (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**